# ഗവ:എൽ.പി.സ്കൂൾ

# കൊടാമംഗലം

# മാസ്റ്റർ പ്ലാൻ

# 2025-2026

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ിദ്യാലയത്തിന്റെ പേര് | : ഗവ. എൽ.പി സ്കൂൾ, കെടാമംഗലം |
| ിലാസം | : പറവൂർ.പി.ഒ, പിൻ-683513 |
| ോൺ | : 0484-2440939 |
| ക്കൂൾ കോഡ് | : 25806 |
| ്യാഭ്യാസ ഉപജില്ല | : എൻ. പറവൂർ |
| ്യാഭ്യാസ ജില്ല | : ആലുവ |
| വന്യൂ ജില്ല | : എറണാകുളം |
| ി.ആർ.സി | : എൻ.പറവൂർ |
| .ആർ.സി | : ജി.എൽ.പി.എസ്-കെടാമംഗലം |
| ്ലോക്ക് പഞ്ചായത്ത് | : പറവൂർ |
| ില്ലാ പഞ്ചായത്ത് | : എറണാകുളം |
| ിയമസഭാ മണ്ഡലം | : പറവൂർ |
| ോക സഭാ മണ്ഡലം | : എറണാകുളം |
| ാലൂക്ക് | : നോർത്ത് പറവൂർ |
| ില്ലേജ് | : പറവൂർ |
| .മെയിൽ | : glpsktm@gmail.com |

# ആമുഖം

എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ പറവൂർ വില്ലേജിൽ ഏഴിക്കര പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കെടാമംഗലം ഗവ. എൽ.പി. സ്കൂൾ 1917 ൽ സ്ഥാപിതമായി.

പ്രശസ്ത സാഹിത്യകാരൻ P. കേശവദേവ്, വിപ്ലവകവി കെടാമംഗലം പപ്പുക്കുട്ടി, സ്വാതന്ത്ര്യ സമര സേനാനി V. ശിവൻപിള്ള, കാഥിക ചക്രവർത്തി കെടാമംഗലം സദാനന്ദൻ തുടങ്ങി ഒട്ടേറെ പ്രശസ്തരുടെ ജീവിതം കൊണ്ടു ധന്യമായ പ്രദേശമാണ് കെടാമംഗലം.

ശുചിത്വ പൂർണമായ പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം, ജൈവവൈവിധ്യ പാർക്ക്, പച്ചക്കറി തോട്ടം തുടങ്ങിയവ കൊണ്ട് നിറഞ്ഞു നിൽക്കുന്ന സ്കൂൾ കോമ്പൗണ്ട്, നല്ല രീതിയിലുള്ള ക്ലാസ്സ് മുറികൾ, ശുചിത്വമുള്ള ടോയ്‌ലറ്റ് സൗകര്യം, നല്ലൊരു ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം, എല്ലാ സൗകര്യങ്ങളോടു കൂടിയ പാചകപ്പുര എന്നിവ ഈ വിദ്യാലയത്തിന്റെ സവിശേഷതയാണ്.

## 2025-26 അധ്യയന വർഷത്തെ കുട്ടികളുടെ എണ്ണവും അധ്യാപകരുടെ എണ്ണവും

| Std | Strength |
|---|---|
| LKG | 49 |
| UKG | 39 |
| I | 57 |
| II | 47 |
| III | 42 |
| IV | 42 |
| | |
| Total | 276 |
| | |

HM - 1

Teachers - 8

PT Menial - 1

**Pre-Primary**

Teachers - 2

Aaya - 1

PTA Teachers - 2

PTA Aaya - 2

# 2024-25 അധ്യയന വർഷത്തെ മികവുകൾ

1. പറവൂർ ഉപജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ വിദ്യാലയം

2. അക്കാദമിക ഭൗതിക കാര്യങ്ങളിൽ അതീവശ്രദ്ധ പുലർത്തുന്ന SMC കമ്മറ്റി.

3. കലാ കായിക ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലെ മികച്ച വിജയം.

4. പറവൂർ ഉപജില്ലയിൽ ഏറ്റവും കൂടുതൽ LSS ലഭിച്ച ഏക സർക്കാർ വിദ്യാലയം. 9 LSS ലഭിച്ചു.

5. SMC യുടെ നേതൃത്വത്തിൽ കലാകായിക-പ്രവൃത്തിപരിചയ മേളകളിൽ പരിശീലനം നൽകുന്നതിന് പ്രത്യേകം അധ്യാപകരെ നിയമിച്ചിട്ടുണ്ട്.

6. ഒരു വർഷത്തെ പഠനപ്രവർത്തനങ്ങളുടെ മികവാർന്ന പഠനോത്പന്നങ്ങൾ പഠനോത്സവം എന്ന പരിപാടിയിലൂടെ SMC യും രക്ഷിതാക്കളും അധ്യാപകരും ചേർന്ന് ഗംഭീരമാക്കി. ഇതിൽ എടുത്തു പറയേണ്ടത് മൂന്നാം ക്ലാസ്സിലെ ഗണിതപഠനത്തിന്റെ "ഗണിതകാട്" ഏവരിലും ശ്രദ്ധേയമാക്കി.

7. കുട്ടികളുടെ പിറന്നാൾ ദിനത്തിൽ ഉച്ചഭക്ഷണത്തിലേക്ക് പാത്രങ്ങൾ സമ്മാനമായി നൽകി വരുന്നു. ഇതുമൂലം ദിരാഷിയുടെ ഉപയോഗവും പ്ലാസ്റ്റിക് ഉപയോഗവും കുറക്കാൻ സാധിച്ചു.

# സ്കൂളിലേക്ക് വേണ്ട ഭൗതിക സാഹചര്യങ്ങൾ

1. നിലവിലുള്ള പുതിയ കെട്ടിടത്തിന്റെ മുകളിലായി 4 ക്ലാസ്സ് മുറികൾ.
2. എല്ലാവരെയും വിസ്മയിപ്പിക്കുന്ന നല്ലൊരു പൂന്തോട്ടം.
3. Pre-Primary യിൽ കുട്ടികൾക്കായ വർണ്ണ കൂടാരം.
4. ടൈൽ വിരിച്ച മുറ്റം.
5. ശീതീകരിച്ച ക്ലാസ്സ് റൂം
6. ആധുനിക സൗകര്യങ്ങളോടു കൂടിയ ലൈബ്രറിയും കമ്പ്യൂട്ടർ ലാബും
7. വിശാലവും മനോഹരവുമായ ഓഫീസ് റൂം. അതിനോട് ചേർന്ന് സന്ദർശന മുറി.
8. കുട്ടികളുടെ കലാപരമായ കഴിവുകൾ ആസ്വദിക്കുന്നതിനുവേണ്ടി നല്ലൊരു ഓഡിറ്റോറിയം.
9. ഒരു സിക്ക് റൂം.
10. കുട്ടികളുടെ കായിക പരിശീലനത്തിന് അനുയോജ്യമായ ഒരു മൈതാനം.
11. ആധുനിക മാലിന്യ സംസ്കരണ പ്ലാന്റ്.
12. വൈദ്യുതിക്കായി ഒരു സോളാർ.

# ക്ലബ്ബ് തലത്തിൽ പൊതുവായി നടപ്പിലാക്കുന്നവ

വിവിധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നു.

ദിനാചരണങ്ങൾ പ്രത്യേക പരിപാടികളോടെ നടത്തുന്നു. [രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ]

കലാകായിക മത്സരങ്ങൾക്ക് ലൈബ്രറിയുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ പരിശീലനം നൽകുന്നു. [ജൂൺ രണ്ടാംവാരം]

വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളിലൂടെ മികച്ച പ്രതിഭകളെ കണ്ടെത്തുന്നു. [ജൂൺ പകുതി]

അധ്യാപകരുടെയും ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും ലൈബ്രറിയുടെയും നേതൃത്വത്തിൽ വിദഗ്ധമായ LSS പരിശീലനം [സെപ്തംബർ]

ലൈബ്രറിയുടെയും ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും നേതൃത്വത്തിൽ നടത്തുന്ന യുറീക്ക പോലെയുള്ള മത്സരപരീക്ഷകൾ. യുറീക്ക ക്ലബ്ബ് രൂപീകരണം മാസത്തിൽ ഒന്നോ രണ്ടോ കൂടിച്ചേരൽ എന്നിവ സംഘടിപ്പിക്കും.

- പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി തോട്ടം നിർമ്മിക്കൽ [ജൂൺ ആദ്യവാരം]
- ശുചിത്വ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡ്രൈഡേ ആചരിക്കൽ [എല്ലാ വെള്ളിയാഴ്ചയും]

- ക്ലാസ്സ് PTA കൃത്യമായ ഇടവേള വച്ച് പ്രതിമാസം ചേരൽ. പഠന പുരോഗതി പരിമിതികൾ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവ നടത്തുന്നു. [എല്ലാ മാസത്തിന്റെയും ആദ്യആഴ്ച]

- ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമായ മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നു.

- സാമ്പത്തികമായും മറ്റുതരത്തിലും വിഷമിക്കുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് അധ്യാപകരുടെയും രക്ഷിതാക്കളുടെയും SMC യുടെയും നേതൃത്വത്തിൽ നൽകുന്ന ഭക്ഷണക്കിറ്റ്

- കുട്ടികളുടെ സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തിയ "എന്റെ കുട്ടികൾ" എന്ന പുസ്തകം തയ്യാറാക്കുന്നു.

- പഠനത്തിൽ പിന്നിൽ നിൽക്കുന്ന വിദ്യാർത്ഥികളുടെ കുടുംബ പശ്ചാത്തലം മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു.

- ശാസ്ത്ര പഠനം സരസമാക്കുന്നതിന് "ശാസ്ത്രക്ലബ്ബ്" ഗണിത പഠനം ഉത്സാഹപ്രദമാക്കുന്നതിന് "ഗണിതക്ലബ്ബ്" ഭാഷാപഠനം ഉൽകൃഷ്ടമാക്കുന്നതിന് "ഭാഷാക്ലബ്ബ്" എന്നിവ പതിവായി സംഘടിപ്പിക്കും

- പരിസ്ഥിതി പഠനവുമായി ബന്ധപ്പെട്ട് പ്രകൃതി വൈവിധ്യങ്ങൾ നേരിട്ടറിഞ്ഞു പഠിക്കുന്നതിന് ഇടയ്ക്കിടെ സ്കൂളിന്റെ സമീപപ്രദേശങ്ങളിലേക്ക്

കാൽനടയാത്രയും നിരീക്ഷണവും സംഘടിപ്പിക്കുന്നു.
സാമൂഹ്യ ശാസ്ത്ര പഠനത്തിന്റെ പ്രായോഗികമാക്കുക
എന്ന നിലയ്ക്ക് കൊടാമംഗലത്തെ ചരിത്ര
സാംസ്കാരിക കേന്ദ്രങ്ങൾ സന്ദർശിക്കാം.
അനുഭവ സമ്പന്നരായ പൊതുപ്രവർത്തകരെയും
കലാകാരി | കലാകാരന്മാരെയും എഴുത്തുകാരെയും
തൊഴിലാളികളെയും സന്ദർശിച്ച് അഭിമുഖ
സംഭാഷണം നടത്തും

ആഴ്ചയിലൊരിക്കലുള്ള ലൈബ്രറി പിരീഡ്
സജീവമാക്കാം. ചിത്രങ്ങൾ കൂടുതലുള്ള
നാനാവൈവിധ്യ ലളിതമായ പുസ്തകങ്ങൾ കുട്ടികൾക്ക്
നൽകാം. അവരുടെ വായനാക്കുറിപ്പുകളും
അനുഭവക്കുറിപ്പുകളും, സർഗരചനകളും ചിത്ര-
ങ്ങളും ശേഖരിച്ച് പ്രതിമാസം കയ്യെഴുത്തുമാസിക
യാക്കി സൂക്ഷിക്കാം

അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിന്റെ
ഭാഗമായി കുട്ടികൾക്ക് Laptop ൽ പ്രത്യേകം
മലയാളം typing പരിശീലനം.